# ആത്യന്തികവിലയിരുത്തൽ -I 2025-2026

## മാതൃകാചോദ്യപേപ്പർ

## സാമൂഹ്യശാസ്ത്രം

**ക്ലാസ് : 7** **സമയം : 2 മണിക്കൂർ 15 മിനിട്ട്**

**നിർദേശങ്ങൾ**

- ആകെ സമയത്തിന്റെ **ആദ്യത്തെ 15 മിനിറ്റ്** സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- **6** ചോദ്യങ്ങൾക്ക് ഉത്തരം എഴുതണം. ചോദ്യങ്ങളിലെ ഉപചോദ്യങ്ങൾക്കെല്ലാം ഉത്തരം എഴുതണം.
- **1**, 5 ചോദ്യങ്ങൾക്ക് **ചോയ്സ്** ഉണ്ട്. ചോയ്സുള്ള ചോദ്യങ്ങളിൽ A, B എന്നീ പിരിവുകളിൽ ഒന്നിന് മാത്രം ഉത്തരം എഴുതിയാൽ മതി.

@ State Assessment Cell, SCERT Kerala

**(1.A)**

**a)** ഭരണഘടനാ നിർമ്മാണസഭയുമായി ബന്ധപ്പെട്ട് ആശയപടം നൽകിയിരിക്കുന്നു. വിട്ടുപോയവ പൂർത്തിയാക്കുക




**b)** നമ്മുടെ രാജ്യം റിപ്പബ്ലിക്കാകുന്നവരെ പിന്തുടർന്ന നിയമസംഹിത ഏതാണ്?

A. ബ്രിട്ടീഷ് ഇന്ത്യ ആക്ട്

B. ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് 1935

C. ഇന്ത്യ ഗവൺമെന്റ് ആക്ട്

D. ഇന്ത്യൻ കൗൺസിൽ ആക്ട്

**അല്ലെങ്കിൽ**

**(1.B)**

**a)** ഭരണഘടനാഭേദഗതിയുമായി ബന്ധപ്പെട്ട ചിത്രീകരണം നിരീക്ഷിക്കൂ. വിട്ടുപോയ ഭാഗം പൂർത്തിയാക്കുക.

| | | |
|---|---|---|
| **ഭേദഗതി 1** പട്ടികകളുടെ എണ്ണം 9 ആയി | **ഭേദഗതി 86** . . . . . . . . . . . | **ഭേദഗതി 42** മതേതരത്വം സോഷ്യലിസം അഖണ്ഡത ഇവ കൂട്ടിച്ചർത്തു. |
| **ഭേദഗതി 73,74** പഞ്ചായത്ത്, നഗരപാലിക നിയമം | **ഭേദഗതി 101** . . . . . . . . . . . | **ഭേദഗതി 44** സ്വത്തവകാശം മൗലികവകാശം ഇല്ലാതായി |

**b)**

നമ്മുടെ ഭരണഘടനയുടെ സവിശേഷതയാണ് "ഭരണഘടനാഭേദഗതി."

ഭരണഘടനാഭേദഗതിയുടെ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച് കുറിപ്പ് തയ്യാറാക്കുക.

**(2)**



ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ രൂപീകരണത്തോടെയാണ് ദേശീയ തലത്തിൽ ബ്രിട്ടീഷ് വിരുദ്ധ പ്രക്ഷോഭങ്ങൾക്ക് സംഘടിത സ്വഭാവമുണ്ടായത്.

**a)** ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ രൂപീകരണത്തിനുമുമ്പ് നിലവിലുണ്ടായിരുന്ന പ്രധാനപ്പെട്ട പ്രാദേശിക സംഘടനകൾ ഏതെല്ലാമാണ്?

- 
- 
- 

**b)** ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ആദ്യകാല ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു?

**(3)**



**a)** അരികുവൽക്കരണത്തിന്റെ ഫലമായിട്ടാണല്ലോ പഞ്ചമിക്ക് സ്കൂൾ പ്രവേശനം നിഷേധിക്കപ്പെട്ടത്. എന്താണ് അരികുവൽക്കരണമെന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്?

**b)**

| |
|---|
| നമുക്ക് ചുറ്റുമുള്ള ലോകം എല്ലാവർക്കും ഒരുപോലെ പ്രാപ്യമാകേണ്ടതുണ്ട്. |

ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ നിലപാട് എന്താണ്? വിശദമാക്കുക.

@ State Assessment Cell, SCERT Kerala

**(4)**

| |
|---|
| **സി. ഇ. 7 മുതൽ 12 വരെയുള്ള** നൂറ്റാണ്ടുകൾക്കിടയിലാണ് ഭക്തിപ്രസ്ഥാനം ദക്ഷിണേന്ത്യയിൽ നിലനിന്നിരുന്നത് |

**a)** ദക്ഷിണേന്ത്യൻ ഭക്തിപ്രസ്ഥാനത്തിന്റെ സവിശേഷതകളുമായി ബന്ധപ്പെട്ട് തന്നിരിക്കുന്ന ചാർട്ട് പൂർത്തിയാക്കുക.




**b)** ആഴ്‌വാർമാരുടെ രചനകൾ ഏത് പേരിലാണ് അറിയപ്പെട്ടിരുന്നത്?

- **A.** പത്മാവത്
- **B.** ഗീതഗോവിന്ദം
- **C.** തിരുമുറൈകൾ
- **D.** നാലായിരദിവ്യപ്രബന്ധം

**c)** ദോഹകൾ എന്നറിയപ്പെട്ടിരുന്ന കീർത്തനങ്ങളിലൂടെ ആശയങ്ങൾ പ്രചരിപ്പിച്ചിരുന്ന ഭക്തകവി ആരായിരുന്നു?

- **A.** ബസവണ്ണ
- **B.** ജയദേവൻ
- **C.** കബീർ
- **D.** യരപ്രഗദ

@ State Assessm SCERT Kerala

**(5.A)**

**a)** മുഗൾ ഭരണാധികാരിയായ അക്ബറിന്റെ ഭരണകാലത്തെ ചില വസ്തുതകളാണ് തന്നിരിക്കുന്നത്. അവയുമായി ബന്ധപ്പെട്ട വിവരങ്ങൾ ചേർത്ത് പൂർത്തിയാക്കുക.




**b)** അക്ബർ നടപ്പിലാക്കിയ മാൻസബ്ദാരി സമ്പ്രദായത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

**അല്ലെങ്കിൽ**

**(5.B)**

**a)** തന്നിരിക്കുന്ന ഭൂപടം നിരീക്ഷിച്ച് വിജയനഗര രാജ്യത്തിൽ ഉൾപ്പെടാത്ത ഇന്നത്തെ ഇന്ത്യൻ സംസ്ഥാനം കണ്ടെത്തുക ?




**A.** തമിഴ്നാട്
**B.** കർണ്ണാടകം
**C.** ഗുജറാത്ത്
**D.** ആന്ധ്രപ്രദേശ്

**b)** താഴെ നൽകിയിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ വിജയനഗരരാജ്യത്തിന്റെ സാമ്പത്തിക സ്ഥിതി വിവരിക്കുക.

**സൂചനകൾ**

- നികുതി
- വ്യാപാരം

**(6)**

| |
|---|
| മധ്യകാലഘട്ടത്തിൽ ഇന്ത്യൻ സമൂഹത്തിൽ നിലനിന്നിരുന്ന കടുത്ത ഉച്ചനീചത്വങ്ങളും സാമൂഹിക അസമത്വങ്ങളും കുറയ്ക്കുന്നതിലും സമാധാന അന്തരീക്ഷം സൃഷ്ടിക്കുന്നതിലും ഭക്തി - സൂഫി പ്രസ്ഥാനങ്ങൾ മുഖ്യ പങ്കുവഹിച്ചിരുന്നു. |

**a)** ഈ പ്രസ്താവന വിശദീകരിക്കുന്നതിനാവശ്യമായ ആശയങ്ങൾ അവതരിപ്പിക്കുക.

**b)** സൂഫികേന്ദ്രങ്ങളിൽ 'സമ' എന്ന പ്രത്യേക ഗാനാലാപനശൈലിയിൽ ആലപിച്ചിരുന്ന ഭക്തിഗാനങ്ങളുടെ പേര് എന്താണ്?

**A.** വചനം
**B.** ഖവ്വാലി
**C.** ദോഹകൾ
**D.** ഭജനുകൾ

@ State Assessment Cell, SCERT Kerala